പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5281** 06.02.2014 ൽ മറുപടിക്ക്

# ഗ്യാസ് ടാങ്കർ അപകടങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്യാസ് ടാങ്കർ ലോറി അപകടങ്ങളിൽപ്പെട്ട് എത്രപേർ ഇതുവരെ മരണപ്പെട്ടു; | (എ) 40 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) അപകടസാദ്ധ്യത കൂടുതലുള്ളതുകൊണ്ട് വളരെ സുരക്ഷിതമായും മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടും സർവ്വീസ് നടത്തേണ്ട ഗ്യാസ് ടാങ്കർ ലോറികൾ തുടർച്ചയായി അപകടങ്ങളിൽപ്പെടുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ഗതാഗത വകുപ്പ് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. |
| (സി) എങ്കിൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ചാല ഗ്യാസ് ടാങ്കർ അപകടത്തിന് ശേഷം അന്നത്തെ ബഹു; ഗതാഗത വകുപ്പു മന്ത്രി മോട്ടോർ വാഹന വകുപ്പിലെ ഉദ്ദ്യോഗസ്ഥൻമാരുമായി 04.09.2012 ൽ വിളിച്ചു ചേർത്ത യോഗത്തിൽ അപകടകരമായ വസ്തുക്കൾ കൊണ്ടു പോകുന്ന വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസ് നൽകുന്ന വേളയിലും, പുതുക്കുന്ന അവസരത്തിലും ബന്ധപ്പെട്ട ചട്ടങ്ങളും, നിയമങ്ങളും കർശനമായി പാലിക്കണമെന്ന് തീരുമാനിക്കുകയും ഇതു സംബന്ധിച്ച് എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകുകയും ചെയ്യുകയുണ്ടായി. കൂടാതെ ലൈസൻസ് യഥാസമയത്ത് |

പുതുക്കുന്നുണ്ടെന്നും, പുതുക്കുന്ന അവസരത്തിൽ ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, കണ്ണ് പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവയും പരിശോധിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. കൂടാതെ വ്യാജ ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും, അത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി എടുക്കണമെന്നും തീരുമാനിച്ചു. ഇതു സംബന്ധിച്ച് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി.

കൂട്ടത്തോടെയുള്ള ടാങ്കർ ലോറികളുടെ സഞ്ചാരത്തിന് നിയന്ത്രണം വേണമെന്നും, ഇവ റോഡിൽ കൂടി ഓടിക്കുന്നതിനും, പാർക്ക് ചെയ്യുന്നതിനും വാഹനങ്ങൾ തമ്മിൽ അര കിലോമീറ്റർ എങ്കിലും അകലം പാലിക്കണമെന്നും, അതിലേയ്ക്കായി നടപടികൾ സ്വീകരിക്കാനും എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. കൂടാതെ നാഷണൽ പെർമിറ്റ് ഉള്ള ഹസാർഡസ് ഗുഡ്സ് വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്ന് ഉറപ്പു വരുത്തണമെന്നും, മദ്യപിച്ചുള്ള ഡ്രൈവിംഗിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകി. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ആൽക്കോമീറ്ററുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടാങ്കറുകളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യതയും പഠിക്കുന്നതിലേയ്ക്കായി ഒരു സമിതി രൂപീകരിച്ചു. പോലീസും പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് ഏതാണ്ട് മൂന്നൂറ് അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടങ്ങളിലും സൈൻ ബോർഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചു. കൂടാതെ വകുപ്പിന്റെ എൻഫോഴ്മെന്റ് സ്ക്വാഡുകൾ സുരക്ഷാ നടപടികൾ വിലയിരുത്തിവരുന്നു. ഓയിൽ കമ്പനികളുമായി സഹകരിച്ച് ടാങ്കർ

ലോറികളുടെ ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നു. ദൈനംദിന പരിശോധനയിലും ഫിറ്റ്നസ് പരിശോധനാ സമയത്തും വാഹനങ്ങളുടെ സുരക്ഷാ നടപടികൾ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ